## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6394** — **03.04.2018-ന് മറുപടിയ്ക്ക്**

### വൈദ്യുതി ലൈനുകൾ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി

**ചോദ്യം**

**ശ്രീ. ഡി.കെ. മുരളി**

**മറുപടി**

**ശ്രീ.കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ വന മേഖലയിലൂടെ വൈദ്യുതി ലൈനുകൾ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ടുള്ള എത്ര അപേക്ഷകൾ നിലവിൽ പരിഗണനയിലുണ്ടെന്ന് വിശദമാക്കാമോ; | (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് 1980 ലെ വന സംരക്ഷണ നിയമ പ്രകാരം അനുമതി ലഭിക്കേണ്ട 7 അപേക്ഷകൾ നിലവിൽ അംഗീകാരത്തിനായി പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത അപേക്ഷകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; അപേക്ഷകളിൽ എന്നത്തേയ്ക്ക് തീർപ്പുകല്പിക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (ബി) | പ്രസ്തുത അപേക്ഷകളിൽ ആവശ്യപ്പെടുന്ന വനഭൂമിയിൽ ആദിവാസികൾക്കും മറ്റ് വനാശ്രിത സമൂഹത്തിനും 2006 ലെ വനാവകാശ നിയമ പ്രകാരം സിദ്ധിച്ച അവകാശങ്ങൾ അംഗീകരിച്ച് നൽകിയിട്ടുള്ളതായും അല്ലായെങ്കിൽ ആയതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതായും ബന്ധപ്പെട്ട ഗ്രാമസഭ പ്രസ്തുത പദ്ധതിക്കായി അനുമതി നൽകിയിട്ടുള്ളതായും ജില്ലാ കളക്ടർ സാക്ഷ്യപത്രം നൽകേണ്ടതുണ്ട്. വാമനപുരം നിയോജകമണ്ഡലത്തിലെ വൈദ്യുതീകരണത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രൊപ്പോസലുകളിൽ പ്രസ്തുത സാക്ഷ്യപത്രം ജില്ലാ കളക്ടറിൽ നിന്നും ലഭ്യമായാൽ ഉടൻ തന്നെ വനഭൂമി വിട്ടുനൽകേണ്ട കേസ്സുകളിൽ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**